**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3708** **27-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | 1. സർക്കാർ അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡ് ആയവർക്ക് തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്ന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾ എന്നിവർക്ക് വിദ്യാർത്ഥി കൺസഷൻ സൗജന്യ നിരക്കിൽ നൽകുന്നതാണ്.<br><br>2. സർക്കാർ അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ഇൻകം ടാക്സ്, ഐ.റ്റി.സി (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, ജി.എസ്.ടി) എന്നിവ നൽകുന്ന മാതാപിതാക്കളുടെ കുട്ടികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കുന്നതാണ്.<br><br>3. സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിലെയും *BPL* പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കുന്നതാണ്.<br><br>4. കൺസഷൻ അർഹത ഇല്ലാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും യാത്രാ നിരക്കിന്റെ 30% ഡിസ്കൗണ്ടിൽ കൺസഷൻ കാർഡ് അനുവദിക്കുന്നതാണ്.<br><br>5. വിദ്യാർത്ഥി കൺസഷൻ നൽകുന്നതിനുള്ള പരമാവധി പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മറ്റ് സ്വകാര്യ ബസ്സ് സർവീസുകൾ ഇല്ലാത്തതും ഒരു കെ.എസ്.ആർ.ടി.സി. ബസ് മാത്രം സർവീസ് നടത്തുന്നതുമായ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാൻ വ്യവസ്ഥ ഉണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇത്തരം ഒറ്റപ്പെട്ട റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്യുന്ന ഗ്രാമവണ്ടി സർവീസുകളിൽ വിദ്യാർത്ഥി കൺസഷൻ നൽകി വരുന്നുണ്ട്.<br><br>എന്നാൽ ഒരു റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി ബസ് മാത്രമുള്ള പ്രദേശങ്ങളിൽ വിവിധ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ സമയം ബസ് സർവീസ് നടത്തുന്ന സമയവുമായി കൃത്യമായി യോജിക്കാത്തതിനാലും ഒരു ബസിന് കൃത്യമായി എത്തിച്ചേരുന്നതിന് സാധിക്കാത്തതിനാലും നിലവിൽ വിദ്യാർത്ഥി കൺസഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല. കൺസഷൻ അനുവദിച്ചാൽ ഒറ്റപ്പെട്ട സർവീസുകൾ കടുത്ത സാമ്പത്തിക നഷ്ടത്താൽ നിന്നുപോകുവാൻ കാരണമാവുകയും ചെയ്യും.<br><br>എന്നാൽ പ്രസ്തുത മേഖലകളിലേയ്ക്ക് യാത്രാവശ്യം വർദ്ധിക്കുകയും പ്രവർത്തന ചെലവ് ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും, ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച് ഗ്രാമവണ്ടി സർവീസ് നടത്തുന്ന സന്ദർഭത്തിലും, കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ അനുവദിക്കുന്ന സാഹചര്യത്തിലും, ഇത്തരം റൂട്ടുകളിൽ വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ